**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2264          17.06.2014-ൽ മറുപടിയ്ക്ക്

## ഗോത്രജ്യോതി പദ്ധതി

**ചോദ്യം**
**ശ്രീ. ചിറ്റയം ഗോപകുമാർ**

**മറുപടി**
**കുമാരി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഗോത്രജ്യോതി പദ്ധതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 15 നും 30 നും ഇടയിൽ പ്രായമുള്ളതും എസ്.എസ്.എൽ.സിയും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ 1000 പട്ടികവർഗ്ഗ തൊഴിൽരഹിതർക്ക് ചെന്നൈയിലെ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് എന്ന സ്ഥാപനവും കേരളത്തിലെ നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് മോട്ടിവേഷൻ ക്ലാസുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതാണ് ഈ പദ്ധതി. എന്നാൽ 3500 പേർ വിവിധ സ്ഥലങ്ങളിലെ പരിശീലന പരിപാടികളിൽ പങ്കെടുത്തു. |

| | | | |
|---|---|---|---|
| ബി) | ഗോത്രജ്യോതി പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ പരിപാടികൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | ബി) | ഗോത്രജ്യോതി പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 20 കേന്ദ്രങ്ങളിൽ വച്ച് ഒരു ദിവസത്തെ ശില്പശാല 2013 മെയ് 14 മുതൽ 25 വരെ സംഘടിപ്പിക്കുകയുണ്ടായി. ടി ക്യാമ്പുകളിൽ 3500-ൽപരം പട്ടികവർഗ്ഗ യുവതീയുവാക്കൾ പങ്കെടുത്തു. അവർക്ക് വർദ്ധിച്ചു വരുന്ന തൊഴിൽ അവസരങ്ങളെക്കുറിച്ച് അവബോധം നൽകുന്ന പ്രത്യേക ക്ലാസുകൾ നടത്തി. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1-ആയി ചേർക്കുന്നു. |
| സി) | ആയതിനുവേണ്ടി ചെലവിട്ട തുക വിവരം ഇനം തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | സി) | ഗോത്രജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 കേന്ദ്രങ്ങളിൽ വച്ച് നടത്തിയ ക്യാമ്പുമായി ബന്ധപ്പെട്ട് 2013-14 വർഷം ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 20 ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് | 21,26,222/- |
| യാത്രാ ചെലവ് | 30,060/- |
| ഡോക്യുമെന്റേഷൻ ഫീസ് | 21,500/- |
| **ആകെ ചെലവ്** | **21,77,782/-** |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നമ്പർ | തീയതി | സ്ഥലം |
|---|---|---|
| 1. | 14.05.2013 | തൃശ്ശൂർ |
| 2. | 15.05.2013 | കോട്ടയം (കാഞ്ഞിരപ്പള്ളി) |
| 3. | 16.05.2013 | എറണാകുളം (മൂവാറ്റുപുഴ) |
| 4. | 17.05.2013 | ഇടുക്കി (തൊടുപുഴ) |
| 5. | 18.05.2013 | ഇടുക്കി (മൂന്നാർ) |
| 6. | 20.05.2013 | ഇടുക്കി (കട്ടപ്പന) |
| 7. | 21.05.2013 | പത്തനംതിട്ട (വടശ്ശേരിക്കര) |
| 8. | 22.05.2013 | കൊല്ലം (പുനലൂർ) |
| 9. | 23.05.2013 | തിരുവനന്തപുരം (നെടുമങ്ങാട്) |
| 10. | 24.05.2013 | തിരുവനന്തപുരം (നെടുമങ്ങാട്) |
| 11. | 14.05.2013 | വയനാട് (സുൽത്താൻ ബത്തേരി) |
| 12. | 15.05.2013 | വയനാട് (മാനന്തവാടി) |
| 13. | 16.05.2013 | വയനാട് (കൽപ്പറ്റ) |
| 14. | 17.05.2013 | കോഴിക്കോട് |
| 15. | 18.05.2013 | കാസറഗോഡ് |
| 16. | 20.05.2013 | കാസറഗോഡ് |
| 17. | 21.05.2013 | കണ്ണൂർ |
| 18. | 22.05.2013 | പാലക്കാട് |
| 19. | 23.05.2013 | പാലക്കാട് (അട്ടപ്പാടി) |
| 20. | 24.05.2013 | മലപ്പുറം (നിലമ്പൂർ) |

Haripriya
സെക്ഷൻ ഓഫീസർ